മരിയാപുരം ഗ്രാമപ്പഞ്ചായത്ത്

2023-2024 സാമ്പത്തികവർഷത്തെ കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 08-03-2023 തീയതിയിലെ 3(1) - നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്.)

മരിയാപുരം ഗ്രാമപഞ്ചായത്ത്
ബജറ്റ് **2023-24**

ആമുഖം

മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ വൈസ് പ്രസിഡന്റ് ഇന്ന് അവതരിപ്പിക്കുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് രൂപീകൃതമായി 50 വർഷം പൂർത്തിയാകുന്ന അവസരമാണിത്. 2023 സുവർണ ജൂബിലി വർഷത്തിൽ നിന്നുകൊണ്ട് പിന്നോട്ടാലോചിക്കുമ്പോൾ പിന്നിട്ട കാലയളവും സമൃദ്ധിയുടെയോ, സമ്പന്നതയുടെയോ ആയിരുന്നില്ല. ഇപ്പോഴും അതേ പരാധീനതകളും ദുരിതങ്ങളും പേറിക്കൊണ്ട് തന്നെയാണ് മുന്നോട്ട് പോകുന്നത് എന്നതാണ് യാഥാർത്ഥ്യം. പഞ്ചായത്തുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾക്ക് തുക കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുന്ന അവസരങ്ങൾ പോലും ഉണ്ടാകാറുണ്ട് എന്നത് വസ്തുതയാണ്. ഈ സമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന തുകയിൽ 33 ലക്ഷം രൂപയുടെ കുറവ് വന്നിട്ടുള്ളതാണ്. എങ്കിലും പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ലഭ്യമായ തുക പരമാവധി വിനിയോഗിച്ച് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനുള്ള നടപടികൾ ബജറ്റിലൂടെ ആവിഷ്കരിച്ചിട്ടുള്ളതായി ഞാൻ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ ദൈനദിനകാര്യങ്ങൾ കാര്യക്ഷമമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ചില ശക്തമായ നടപടികളും നിലപാടുകളും നമ്മൾ സ്വീകരിക്കേണ്ടതായി വരും. ബഹു.എം.പി, ബഹു.എം.എൽ.എ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ കേന്ദ്രങ്ങളുടെ സഹായത്തോടെയും മാത്രമേ നമുക്ക് പദ്ധതി വിഹിതത്തിനപ്പുറം വിഭവ സ്രോതസ്സുകൾ സമാഹരിക്കുന്നതിന് സാധിക്കുകയുള്ളു. ആയതിന് കക്ഷി രാഷ്ട്രീയത്തിനതീതമായ ഒരു കൂട്ടായ്മ നമുക്ക് രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന് യോജിച്ച നിലപാടുകൾ ഉണ്ടാവേണ്ടതായിട്ടുണ്ട്. ഭരണ പ്രതിപക്ഷമെന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രസക്തിയുള്ള കാര്യമല്ല. നമ്മുടെ പൊതു നിലപാട് നമ്മുടെ നാടിന്റെ വികസനവും, പുരോഗതിയുമായിരിക്കണം.

ആ ലക്ഷ്യ സാക്ഷാത്കാരത്തിന് നമുക്കും, നമ്മുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും, നാട്ടിലെ ബഹുജനങ്ങൾക്കും ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാം ആയതിന് ഒരുമിച്ച് കൈകോർക്കാം.

2023 ലെ സുവർണ ജൂബിലി വർഷത്തിൽ നമ്മുടെ വൈസ് പ്രസിഡന്റ് അവതരിപ്പിക്കുന്ന ബജറ്റ് ആയതിന് സഹായകരമാകട്ടെയെന്ന് ആശംസിക്കുന്നു

ജിൻസി ജോയി

പ്രസിഡന്റ്

മരിയാപുരം ഗ്രാമപഞ്ചായത്ത്.

14/03/2023
മരിയാപുരം.

മരിയാപുരം ഗ്രാമപഞ്ചായത്ത്

2023-24 കരട് ബജറ്റ്

അവതരണം

പ്രിജിനി ടോമി

വൈസ് പ്രസിഡന്റ്

ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, ചെയർ പേഴ്സൺമാർ, മറ്റ് ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥ പ്രതിനിധികളെ, മറ്റ് വിശിഷട വ്യക്തികളെ……..

മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് ഇന്ന് ഇവിടെ അവതരിപ്പിക്കപ്പെടുകയാണ്. ഈ ഭരണ സമിതി അധികാരമേറ്റെടുത്തതിനു ശേഷമുള്ള മൂന്നാമത് ബജറ്റാണ് ഇന്ന് ഇവിടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നത്. പതിനാലാം പഞ്ചാവത്സര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കും പുതുതായി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായേക്കാവുന്ന പരമാവധി വിഭവശ്രോതസുകളെയും കാര്യക്ഷമമായി വകയിരുത്തുന്നതിന് ഈ ബജറ്റിൽ പരിശ്രമിച്ചിട്ടുണ്ട്.

മരിയാപുരം ഗ്രാമപഞ്ചായത്തിന് 2023-24 വർഷം ലഭ്യമാകുന്ന നികുതി നികുതിയേതര വരുമാനവും, ജനറൽ പർപ്പസ് ഗ്രാന്റും, വികസന ഫണ്ടും, ധനകാര്യ കമ്മീഷൻ വിഹിതവും, കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതങ്ങളും, എം.എൽ.എ ഫണ്ടും, സംയുക്ത പ്രോജക്ടുകൾക്കായുള്ള ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളും, നാഷണൽ ആയുഷ് മിഷൻ ഗ്രാന്റും, ഉണഭോക്തൃ വിഹിതങ്ങളും, ലൈഫ് പദ്ധതിക്കായി വായ്പയിനത്തിൽ എടുക്കുന്ന തുകയും ഉൾപ്പെടെയുള്ള വിവിധ ഫണ്ടുകൾ ഉൾപ്പെടുത്തിയുള്ള ബജറ്റാണ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്.

2022-23 വർഷത്തെ നീക്കി ബാക്കി 7,85,037/- (ഏഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുപ്പത്തിയേഴ്) രൂപ ഉൾപ്പെടെ ആകെ 18,17,36,677/- രൂപ (പതിനെട്ട്

കോടി പതിനേഴ് ലക്ഷത്തി മുപ്പത്തിയാറായിരത്തി അറുന്നൂറ്റി എഴുത്തിയേഴ്) വരവും 18,09,42,140/- രൂപ (പതിനെട്ട് കോടി ഒൻപത് ലക്ഷത്തി നാൽത്തി രണ്ടായിരത്തി ഒരുന്നൂറ്റി നാൽപത് രൂപ) ചെലവും, 7,94,537/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തിയേഴ്) രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

തനത് വരുമാനം കുറവായ പഞ്ചായത്തുകളിലൊന്നാണ് മരിയാപുരം ഗ്രാമപഞ്ചായത്ത്. ആയതിനാൽ തന്നെ പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബഹു. സംസ്ഥാന സർക്കാർ 2023-24 വർഷത്തെ ബജറ്റിൽ നടത്തിയിട്ടുള്ള പരാമർശങ്ങളെ മരിയാപുരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി വളരെ പ്രതീക്ഷയോടെയാണ് സമീപീക്കുന്നത്.

മരിയാപുരം ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം 30,25,000/- (മുപ്പത് ലക്ഷത്തി ഇരുപത്തിയയ്യായിരം) രൂപ നികുതി വരുമാനവും, 40,19,000/- (നാൽപത് ലക്ഷത്തി പത്തൊൻപതിനായിരം) രൂപ നികുതിയേതര വരുമാനവും, 84,00,000/- (എൺപത്തി നാല് ലക്ഷം) രൂപ പൊതു ആവശ്യങ്ങൾക്കായുള്ള ഫണ്ടും ഉൾപ്പെടെ ആകെ 1,54,44,000/- (ഒരു കോടി അൻപത്തി നാല് ലക്ഷത്തി നാൽപത്തിനാലായിരം) രൂപ തനത് വരുമാനം ഇനത്തിൽ വരവ് പ്രതീക്ഷിക്കുന്നു. വികസനഫണ്ട് 2,02,59,000/- (രണ്ട് കോടി രണ്ട് ലക്ഷത്തി അൻപത്തിയൊൻപതിനായിരം) രൂപയും, മെയിന്റനൻസ് ഗ്രാൻറ് 1,29,53,000/-(ഒരു കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അൻപത്തി മൂവ്വായിരം) രൂപയും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം 7,22,00,000/- (ഏഴ് കോടി ഇരുത്തിരണ്ട് ലക്ഷം) രൂപയും, ക്ഷേമ പദ്ധതിക്കായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം 3,63,84000/- (മൂന്ന് കോടി അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തിനാലായിരം) രൂപയും, ജില്ലാപഞ്ചായത്ത് വിഹിതം 12,75,000/- (പന്ത്രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 12,75,000/- (പന്ത്രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം)രൂപയും ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ (1,10,00,000 ഒരു കോടി പത്ത് ലക്ഷവും), സംസ്ഥാന സർക്കാർ വിഹിതവും(50,00,000 അൻപത് ലക്ഷവും) ഉൾപ്പെടെ 1,60,00,000/- (ഒരു കോടി അറുപത് ലക്ഷം) രൂപയും, ഹെൽത്ത് ഗ്രാന്റ്

ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ വിഹിതം 29,20,000/- (ഇരുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം) രൂപയും, എം.എൽ.എ ഫണ്ട് 10,00,000/- (പത്ത് ലക്ഷം) രൂപയും, ഉണഭോക്തൃ വിഹിതം 6,11,640 (ആറ് ലക്ഷത്തി പതിനോരായിരത്തി അറുന്നൂറ്റി നാൽപത്) രൂപയും, 2020-2021 ലെ സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് ഇനത്തിൽ ലഭിക്കുവാനുള്ള 5,00,000/-(അഞ്ച് ലക്ഷം) രൂപയും, പ്രീ മൺസൂൺ ചെലവുകൾക്കുള്ള 1,30,000/- (ഒരു ലക്ഷത്തി മുപ്പതിനായിരം) രൂപയും 2022-23 ലെ നീക്കിബാക്കി 7,85,037 (ഏഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുപ്പത്തിയേഴ്) രൂപയും ഉൾപ്പെടെ ആകെ 18,17,36,677/- (പതിനെട്ട് കോടി പതിനേഴ് ലക്ഷത്തി മുപ്പത്തിയാറായിരത്തി അറുന്നൂറ്റി എഴുത്തിയേഴ്) രൂപയുടെ വരവ് ബജറ്റ് വർഷം പ്രതീക്ഷിക്കുന്നു.

ജന പ്രതിനിധികളുടെയും, ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും, മറ്റ് ഭരണ പരവും അനിവാര്യവുമായ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 1,46,44,500/- (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി നാൽ പത്തിനാലായിരത്തി അഞ്ഞൂറ്) രൂപയും, ഉൽപാദന മേഖലയ്ക്ക് 26,53,860/- രൂപയും (ഇരുത്തിയാറ് ലക്ഷത്തി അൻപത്തി മൂവ്വായിരത്തി എണ്ണൂറ്റി അറുപത് രൂപയും) സേവന മേഖലയ്ക്ക് 10,47,82,880/- (പത്ത് കോടി നാൽപത്തിയേഴ് ലക്ഷത്തി എൺപത്തി രണ്ടായരിത്തി എണ്ണൂറ്റി എൺപത് രൂപയും), പശ്ചാത്തലമേഖലയ്ക്ക് (മൂലധന ആസ്തികൾ ഉൾപ്പെടെ) 1,01,55,780 (ഒരു കോടി ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി എഴുന്നൂറ്റി എൺപത് രൂപയും, മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്ത പദ്ധതികൾക്കായി 16,21,120/- (പതിനാറ് ലക്ഷത്തി ഇരുപത്തിയോരായിരത്തി ഒരുന്നൂറ്റി ഇരുപത്) രൂപയും, മെയിന്റനൻസ് പദ്ധതികൾക്കായി 1,07,00,000/- (ഒരു കോടി ഏഴ് ലക്ഷം) രൂപയുമാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

2023-24 വർഷത്തെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ തുക ബജറ്റിലെ ബന്ധപ്പെട്ട ഹെഡുകളിലേക്ക് വകയിരുത്തിയിട്ടുള്ളതാണ്.

അതി ദരിദ്രർ ഉൾപ്പെടെയുള്ള ഭവന രഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിക്കും, ഭവന പുനരുദ്ധാരണത്തിനുമായി 2,17,77,000/- രൂപ (രണ്ട് കോടി പതിനേഴ് ലക്ഷത്തി എഴുപത്തിയേഴായിരം) ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെട ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്കായി 7,22,00,000/- രൂപ (ഏഴ് കോടി ഇരുപത്തിരണ്ട് ലക്ഷം) വകയിരുത്തിയിരിക്കുന്നു.

വനിതകളായ കർഷകർക്ക് ജാതി തൈ വിതരണത്തിനായി 2,66,250/- (രണ്ട് ലക്ഷത്തി അറുപത്തിയാറായിരത്തി ഇരുന്നൂറ്റി അൻപത്) രൂപയും, കൊക്കോ തൈ വിതരണത്തിനായി 66,250/-(അറുപത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്) രൂപയും വകയിരുത്തിയിരിക്കുന്നു. തേനീച്ച വളർത്തൽ പദ്ധതിക്ക് 8,00,000/- (എട്ട് ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു. കൃഷി ഭവന്റെ ദൈന ദിന ചെലവുകൾക്കായി 25,000/- (ഇരുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിന് 8,72,860/-(എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി അറുപത്) രൂപ വകയിരുത്തുന്നു. പാലിന് സബ്സിഡി അനുവദിക്കുന്നതിന് 5,00,000/-(അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു. വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് 50,000/- (അൻപതിനായിരം) രൂപ വകയിരുത്തുന്നു. വെറ്ററിനറി ഡിസ്പെൻസറിയുടെ ദൈനം ദിന ചെലവുകൾക്കായി 10,000/- (പതിനായിരം) രൂപ വകയിരുത്തുന്നു.

ശാരീരിക മനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനായി 9,70,000/- (ഒൻപത് ലക്ഷത്തി എഴുപതിനായിരം) രൂപ വകയിരുത്തിയിരിക്കുന്നു. ആയതിൽ 7,00,000/-(ഏഴ് ലക്ഷം) രൂപ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പിനും. ഭിന്ന ശേഷിക്കാരായ ആളുകൾക്ക് സ്വയം തൊഴിൽ സഹായം എന്ന നിലയ്ക്ക് പെട്ടികടകൾ നൽകുന്നതിലേക്കായി 2,70,000/- (രണ്ട് ലക്ഷത്തി എഴുപതിനായിരം) രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇത് കൂടാതെ ഭിന്ന ശേഷിയുള്ളവർക്ക് തൊഴിൽ പരിശീലന കേന്ദ്രം

നിർമ്മിക്കുന്നതിലേക്കായി 10,93,780/- (പത്ത് ലക്ഷത്തി തൊണ്ണൂറ്റി മൂവ്വായിരത്തി എഴുന്നൂറ്റി എൺപത്) രൂപ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിരിക്കുന്നു.

അംഗനവാടി പോഷകാഹാര വിതരണത്തിനായി 20,00,000/- (ഇരുപത് ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു. ഉപ്പുതോട് അംഗനവാടിക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണത്തിനായി 2,00,000/- (രണ്ട് ലക്ഷം രൂപ) വകയിരുത്തിയിരിക്കുന്നു. ബാലസഭയുടെ സംഘാടനത്തിനായി 13,000/- (പതിമൂവ്വായിരം) രൂപയും വകയിരുത്തിയിരിക്കുന്നു. അംഗനവാടിനിർമ്മാണത്തിന് എം.എൽ.എ ഫണ്ട് ലഭ്യമാകും എന്ന പ്രതീക്ഷയിൽ 10,00,000/- (പത്ത് ലക്ഷം രൂപ) വകയിരുത്തുന്നു. വിവിധ അംഗനവാടികളുടെ മെയിന്റൻസിനായി 13,00,000/-(പതിമൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു. ആയതിൽ ഉദയസിറ്റി അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും, വെള്ളക്കയം അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും, ചിറ്റടിക്കവല അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും, നാരകക്കാനം അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും കൊച്ച് കരിമ്പൻ അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും, ചാപ്പാസിറ്റി അംഗനവാടിക്ക് 2,00,000/- (രണ്ട് ലക്ഷം) രൂപയും വകയിരുത്തിയിരിക്കുന്നു. അംഗനവാടി ജീവനക്കാരുടെ വേതനം ഇനത്തിൽ 2,50,000/- (രണ്ടര ലക്ഷം) രൂപ വകയിരുത്തുന്നു

സാക്ഷരത പ്രവർത്തനങ്ങൾക്ക് 50,000/-(അൻപതിനായിരം) രൂപ വകയിരുത്തുന്നു. ഉപ്പുതോട്.യു.പി.എസ്, കുതിരക്കല്ല് എൽ.പി.എസ്, കരിമ്പൻ എൽ.പി.എസ് എന്നീ സ്ഥാപനങ്ങളുടെ ദൈനം ദിന ആവശ്യത്തിലേക്കായി 40,000/- (നാൽപതിനായിരം) രൂപ വകയിരുത്തുന്നു. കരിമ്പൻ എൽ.പി.എസ് മെയിന്റനൻസിനായി 4,00,000/- (നാല് ലക്ഷം) രൂപ വകയിരുത്തുന്നു. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി 50,000/- (അൻപതിനായിരം) രൂപ വകയിരുത്തുന്നു. വായന ശാലകൾക്ക് പുസ്തകങ്ങൾക്കായി 25,000/-(ഇരുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകൾ ആയി പ്രവർത്തിക്കേണ്ട ഇടുക്കി നൃമാൻ സ്കൂളിന് അടിസ്ഥാന സൗകര്യ വികസനത്തിനും,

ടോയിലറ്റ്, ബാത്ത് റൂമുകൾ എന്നിവ നിർമ്മിക്കുന്നതിലേക്കുമായി 4,00,000/- (നാല് ലക്ഷം) രൂപ വകയിരുത്തുന്നു.

വനിത ക്ഷേമത്തിനും ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്യേശത്തോടെ വനിതകൾക്ക് ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിലേക്കായി 3,10,000/-(മൂന്ന് ലക്ഷത്തി പതിനായിരം) രൂപ വകയിരുത്തിയിരിക്കുന്നു. എല്ലാ വിഭാഗം വനിതകൾക്കും 100 ശതമാനം സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിന് 4,00,000/- (നാല് ലക്ഷം രൂപ) വകയിരുത്തുന്നു.

ആരോഗ്യമുള്ള ജനതയാണ് ഒരു നാടിന്റെ മുതൽക്കൂട്ട് എന്നതിൽ വിശ്വസിക്കുന്നു. ആയതിനാൽ ആരോഗ്യ പരിപാലന രംഗത്തും ആവശ്യമായ വകയിരുത്തലുകൾ അനുവദിക്കുന്നതിന് ഈ ബജറ്റിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പിന് 2,00,000/- (രണ്ട് ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു. അരികെ (ആയുർവേദ പാലിയേറ്റീവ്) പദ്ധതിക്കായി 30,000/- (മുപ്പതിനായിരം) രൂപയും വകയിരുത്തിയിരിക്കുന്നു. അതി ദരിദ്രർ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി എൻ.സി.ഡി സ്ക്രീനിംഗ് ക്യാമ്പിനായി 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പദ്ധതികൾക്കായി 7,00,000/- (ഏഴ് ലക്ഷം രൂപ) വകയിരുത്തിയിരിക്കുന്നു. മരുന്ന് വാങ്ങുന്നതിനായി എഫ്.എച്ച്.സി ക്ക് 1,00,000/-,(ഒരു ലക്ഷം)രൂപയും ആയുർവേദത്തിന് 2,70,000/-(രണ്ട് ലക്ഷത്തി എഴുപതിനായിരം) രൂപയും ,ഡബിൾ കട്ടിംഗ് മൊബൈൽ ആപ്ലൂപത്രിക്ക് 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപയും, ഉപ്പുതോട് പെരിഫറൽ ഓ.പി.ക്ക് 25,000/- (ഇരുപത്തി അയ്യായിരം രൂപയും) , ഹോമിയോ ഡിസ്പെൻസറിക്കും സബ് സെന്ററിനും കൂടി 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയും വകയിരുത്തിരിക്കുന്നു. കൂടാതെ എഫ്.എച്ച്.സി യുടെ ദൈനം ദിന ചെലവുകൾക്കായി 1,01,000/-(ഒരു ലക്ഷത്തി ആയിരം) രൂപയും, ആയുർവേദ ഡിസ്പെൻസറിയുടെ ദൈനം ദിന ചെലവുകൾക്കായി 25,000/-(ഇരുപത്തി അയ്യായിരം) രൂപയും, ഹോമിയോ

ഡിസ്പെൻസറിയുടെ ദൈനംദിന ചെലവുകൾക്കായി 1,50,000/-(ഒരു ലക്ഷത്തി അൻപതിനായിരം) രൂപയും ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പദ്ധതികൾക്കായി 1,00,000/-(ഒരു ലക്ഷം) രൂപയും വകയിരുത്തിയിരിക്കുന്നു. പി.എച്ച്.സി കളെയും സബ് സെന്ററുകളെയും ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളായി മാറ്റുന്നതിന് യോഗാഹാൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികനസനത്തിനായി 20,00,000/- (ഇരുപത് ലക്ഷം രൂപ) വകയിരുത്തിയിരിക്കുന്നു. ഡബിൾ കട്ടിംഗ് സബ് സെന്റർ മെയിന്റനൻസിന് 4,00,000/-(നാല് ലക്ഷം) രൂപ വകയിരുത്തുന്നു. ഉപ്പുതോട് ആയുർ വേദാശുപത്രി മെയിന്റനൻസിന് 4,00,000/- (നാല് ലക്ഷം) രൂപ വകയിരുത്തുന്നു. വയോജന ക്ഷേ പ്രവർത്തനങ്ങൾക്കായി 75,000/-(എഴുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട കർഷകർക്ക് ജാതി തൈ വിതരണത്തിന് 48,500/-(നാൽപത്തി എണ്ണായിരത്തി അഞ്ഞൂറ്) രൂപ വകയിരുത്തുന്നു. പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണത്തിന് 50,000/- (അൻപതിനായിരം) രൂപ വകയിരുത്തുന്നു.

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 2,85,000/-(രണ്ട് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കുടിവെള്ള വിതരണം നടത്തുന്നതിനായി 8,30,900/- (എട്ട് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരം) രൂപ വകയിരുത്തുന്നു. കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായി ആകെ 7,81,600/-(ഏഴ് ലക്ഷത്തി എൺപത്തി ഓരായിരത്തി അറുന്നൂറ്) രൂപ വകയിരുത്തുന്നു. ആയതിൽ വിമലഗിരി കദളിക്കാട് കുടിവെള്ളപദ്ധതി മെയിന്റനൻസിന് 1,50,000/- (ഒന്നര ലക്ഷം), എസ്.എൻ.ഡി.പി പടി കുടിവെള്ള പദ്ധതിക്ക് 1,50,000/-(ഒന്നര ലക്ഷം), ഡാംടോപ്പ് കുടിവെള്ള പദ്ധതിക്ക് 1,81,600/-(ഒരു ലക്ഷത്തി എൺപത്തി ഓരായിരത്തി അറുന്നൂറ്)രൂപ , തച്ചാംപുറത്ത് കുടിവെള്ള പദ്ധതിക്ക് 1,50,000/-(ഒന്നര ലക്ഷം), മാർ മലകുസംകുടിവെള്ള പദ്ധതിക്ക് 1,50,000/-(ഒന്നര ലക്ഷം) രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്.

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ആകെ 12,46,140/-(പന്ത്രണ്ട് ലക്ഷത്തി നാൽപത്തി ആറായിരത്തി ഒരു ന്യറ്റി നാൽപത്) രൂപ വകയിരുത്തിയിരിക്കുന്നു. ആയതിൽ ബയോ കമ്പോസ്റ്റ് വിതരണത്തിനായി 11,29,140/-(പതിനൊന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി ഒരു ന്യറ്റി നാൽ പത്) രൂപയും. ഒ.ഡി.എഫ് പ്ലസ് പദ്ധതിക്കായി 1,20,000/-(ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപയും വകയിരുത്തിയിരിക്കുന്നു.

ആശ്രയ പദ്ധതിക്ക് 4,00,000/-(നാല് ലക്ഷം) രൂപ വകയിരുത്തുന്നു. എസ്.എസ്.എ/എസ്.എസ്.കെ വിഹിതം നൽകുന്നതിന് 3,79,520/-(മൂന്ന് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്) രൂപ വകയിരുത്തുന്നു. ഐ.കെ.എം.വിഹിതം നൽകുന്നതിന് 60,000/-(അറുപതിനായിരം) രൂപ വകയിരുത്തുന്നു. കേരളോത്സവത്തിന് 1,25,000/-(ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിന് 1,30,000/- (ഒരു ലക്ഷത്തി മുപ്പതിനായിരം) രൂപ വകയിരുത്തിയിരിക്കുന്നു. സോളാർ എ.എം.സി നൽ കുന്നതിന് 30,000/-(മുപ്പതിനായിരം) രൂപ വകയിരുത്തിയിരിക്കുന്നു. തെരുവ് വിളക്ക് പരിപാലനത്തിന് 1,00,000/- (ഒരു ലക്ഷം) വകയിരുത്തുന്നു.

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് ബാറ്ററി വാങ്ങൽ എന്നിവയ്ക്കായി 1,60,000/-(ഒരു ലക്ഷത്തി അറുപതിനായിരം) രൂപ വകയിരുത്തുന്നു.ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് എന്ന പദ്ധതിക്കായി 50,000/-(അൻപതിനായിരം) രൂപ വകയിരുത്തുന്നു. പദ്ധതി നിർവ്വഹണവും മോണിറ്ററിംഗ് എന്ന പദ്ധതിക്ക് 3,16,775/-(മൂന്ന് ലക്ഷത്തി പതിനാറായിരത്തി എഴുന്ന്റി എഴുപത്തിയഞ്ച്) രൂപ വകയിരുത്തുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് വേതനത്തിന് 4,02,935/- (നാല് ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തഞ്ച്) രൂപയും പ്രോജക്ട് അസിസ്റ്റന്റ് വേതനത്തിന് 2,67,480/- (രണ്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാന്ന്റി എൺപത്) രൂപയും വകയിരുത്തുന്നു. കമ്പ്യൂട്ടറുകളുടെ എ.എം.സിക്ക് 75,000/- (എഴുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു. പഞ്ചായത്ത് ആഫീസിലേക്ക് സ്റ്റേഷനറി വാങ്ങുന്നതിന് 1,00,000/- (ഒരു ലക്ഷം) രൂപ വകയിരുത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ

വാഹനത്തിന്റെ വാടകയിനത്തിൽ 4,29,650/- (നാലി ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി അൻപത്) രൂപ വകയിരുത്തുന്നു. പഞ്ചായത്ത് വാഹനത്തിന്റെ അറ്റകുറ്റപണികൾക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപ വകയിരുത്തുന്നു.ഭവന പദ്ധതികൾക്കായി എടുത്ത വായ്പ തിരിച്ചടവ് ഇനത്തിൽ 2,50,000/-(രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു. ഐ.എസ്.ഓ പ്രവർത്തനങ്ങൾക്കായി 45,000/-(നാൽപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

കല്ലറയ്ക്കൽപ്പടി നടപ്പാലത്തിന് 1,50,000/-(ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു. പുളിയ്ക്കുന്നേൽപ്പടി നടപ്പാലത്തിന് 5,50,000/-(അഞ്ച് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു. പള്ളിപ്പടി സി.എസ്.ഐ.കുന്ന് റോഡ് ടാറിംഗിന് 7,00,000/-(ഏഴ് ലക്ഷം) രൂപ വകയിരുത്തുന്നു. കുമ്പളോലിപ്പടി കലുങ്ക് മെയിന്റനൻസിന് 2,62,000/-(രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപ വകയിരുത്തുന്നു. കുഴിഞ്ഞാൽ കുന്നേൽപ്പടി നടപ്പാലത്തിന് കൈവരി നിർമ്മാണത്തിന് 1,00,000/-(ഒരു ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു.വിവിധ റോഡുകളുടെ കോൺ ക്രീറ്റിംഗിനായി 17,00,000/- (പതിനേഴ് ലക്ഷം) രൂപ വകയിരുത്തുന്നു. വിവിധ റോഡുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് 9,00,000/-(ഒൻപത് ലക്ഷം) രൂപ വകയിരുത്തുന്നു. പഞ്ചായത്തിലെ വിവിധ റോഡുകളുടെ മെയിന്റനൻസിനും, ഐറിഷ് ഓട നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കുമായി 82,00,000/- (എൺ പത്തിരണ്ട് ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു.

മരിയാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വാർദ്ധക്യ കാല പെൻഷൻ വാങ്ങിവരുന്ന 905 ഗുണഭോക്താക്കൾക്ക് സംസ്ഥാനാവിഷ്കൃത വിഹിതമായി 1,73,76,000/- (ഒരു കോടി എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തിയാറായിരം) രൂപയും, കർഷക തൊഴിലാളി പെൻഷൻ വാങ്ങി വരുന്ന 290 പേർക്കുള്ള 55,68,000/- (അൻപത്തി അഞ്ച് ലക്ഷത്തി അറുപത്തി എണ്ണായിരം) രൂപയും, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ വാങ്ങുന്ന 175 പേർക്കുള്ള 33,60,000/- (മുപ്പത്തി മൂന്ന് ലക്ഷത്തി അറുപതിനായിരം)രൂപയും, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ വാങ്ങുന്ന 15 പേർക്കുള്ള 2,88,000/- (രണ്ട് ലക്ഷത്തി എൺപത്തി എണ്ണായിരം) രൂപയും, വിധവാ പെൻഷൻ വാങ്ങുന്ന 410

പേർക്കുള്ള 78,72,000/- (എഴുപത്തി എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരം) രൂപയും പുതുതായി ബഡ്ജറ്റ് വർഷം 100 പുതിയ ഗുണഭോക്താക്കൾക്കെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന 19,20,000/-(പത്തൊൻപത് ലക്ഷത്തി ഇരുപതിനായിരം) രൂപയും ഉൾപ്പെടെ ആകെ 3,63,84,000/- (മൂന്ന് കോടി അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരം) രൂപ വിവിധ ക്ഷേമ പെൻഷനുകൾക്കായി വകയിരുത്തുന്നു.

മരിയാപുരം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ജില്ലയിലെ മികച്ച രണ്ടാമത്തെ പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അഞ്ച് ലക്ഷം രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് അവാർഡ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയത് ഈ വർഷം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. മരിയാപുരം ഗ്രാമപഞ്ചായത്ത് രൂപീകൃതമായിട്ട് ഈ വർഷം 50 വർഷം പൂർത്തിയാകുകയാണ്. ഈ അവസരത്തിൽ സുവർണ ജൂബിലി വർഷത്തിന്റെ പ്രതീകമായി പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസ് കെട്ടിടത്തോട് ചേർന്ന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് ടി തുക വകയിരുത്തുന്നു.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ട് നയിക്കുന്നതിനും, പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ സമയബന്ധിതമായും, ഗുണനിലവാരത്തോടെയും നൽകുന്നതിൽ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനം തുടർ വർഷങ്ങളിൽ കൂടുതൽ ഫലപ്രദമായി മാറുന്നതിന് സാധിക്കുമാറാകട്ടെയെന്നും ആയതിലൂടെ ജില്ലയിലെയും, സംസ്ഥനത്തെയും മികച്ച പഞ്ചായത്ത് എന്ന പദവിയിലേക്ക് എത്തിച്ചേരുന്നതിന് മരിയാപുരം പഞ്ചായത്തിന് സാധിക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

2023-24 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ഘടകസ്ഥാന മേധാവികൾ തുടങ്ങി എല്ലാവരോടും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ കരട് ബജറ്റ് പഞ്ചായത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ബജറ്റിന്റെ പൂർണ്ണമായ വിശദാശങ്ങൾ ചേർക്കുന്നു.



മരിയാപുരം ഗ്രാമപ്പഞ്ചായത്ത്

2023-2024 ബജറ്റ് സംഗ്രഹം

മുൻബാക്കി	**7,85,037**
വരവ്	**18,09,51,640**
ആകെ വരവ്	**18,17,36,677**
ആകെ ചെലവ്	**18,09,42,140**
നീക്കി ബാക്കി	**7,94,537**

മരിയാപുരം ഗ്രാമപ്പഞ്ചായത്ത് 2023-2024 ബജറ്റ് സംഗ്രഹം

(ധനകാര്യ സ്ഥിരം സമിതിയുടെ 08-03-2023 തീയതിയിലെ 3(1) - നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്.)

വരവുകൾ

മുൻബാക്കി	7,85,037
നികുതി വരുമാനം	30,25,000
നികതിയിതര വരുമാനം	40,19,000
ജനറൽ പർപ്പസ് ഗ്രാന്റ്	84,00,000
ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി വിഹിതം / കേന്ദ്രാവിഷ്ക്കൃത പദ്ധതി വിഹിതം	7,22,00,000
വികസനഫണ്ട്	2,02,59,000
മെയിന്റനൻസ് ഗ്രാന്റ്	1,29,53,000
ക്ഷേമപദ്ധതികൾ / സംസ്ഥാനാവിഷ്ക്കൃത പദ്ധതി വിഹിതം	3,63,84,000
ജില്ലാ പഞ്ചായത്ത് വിഹിതം	12,75,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	12,75,000
മറ്റുള്ളവ	2,11,61,640
ആകെ വരവ്	**18,17,36,677**



മരിയാപുരം ഗ്രാമപ്പഞ്ചായത്ത് 2023-2024 ബജറ്റ് സംഗ്രഹം

ചെലവുകൾ

ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ	20,75,000
ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും	1,00,80,000
ഓഫീസ് ചെലവുകൾ	2,40,000
തെരുവു വിളക്കുകൾ	2,75,000
പൊതു ടാപ്പുകളുടെ വെള്ളക്കരം	7,500
മറ്റ് ഭരണച്ചെലവുകൾ	2,60,000
ജനകീയാസൂത്രണ പദ്ധതി ചെലവുകൾ	5,51,63,640
തൊഴിലുറപ്പുപദ്ധതി / മറ്റു കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ	7,22,00,000
ക്ഷേമപെൻഷനുകൾ / സംസ്ഥാനാവിഷ്ക്കൃത പദ്ധതി വിഹിതം	3,63,84,000
ജില്ലാ പഞ്ചായത്ത് വിഹിതം	12,75,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	12,75,000
മറ്റുള്ളവ	17,07,000
ആകെ ചെലവ്	**18,09,42,140**

നീക്കിയിരിപ്പ്	**7,94,537**

മരിയാപുരം ഗ്രാമപ്പഞ്ചായത്ത്

2023-2024 സാമ്പത്തികവർഷത്തെ കരട് ബജറ്റ്

	PARTICULARS	Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
1	Opening balance (net) - പ്രാരംഭബാക്കി (ws-1)	36,73,410.00	8,36,529.00	7,85,037.00
2	Tax revenue-നികുതി വരുമാനം (BS-1)	24,82,128.00	28,00,000.00	30,25,000.00
3	Non tax revenue- നികുതിയിതര വരുമാനം (BS-2)	14,56,724.00	43,46,000.00	40,19,000.00
4	General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	73,07,883.00	80,00,000.00	84,00,000.00
5	Total -ആകെ (BS1+BS2+BS3)	1,12,46,735.00	1,51,46,000.00	1,54,44,000.00
6	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും	11,17,86,443.00	17,95,45,572.00	18,17,36,677.00
7	Total Expenditure -ആകെ ചെലവുകൾ	11,09,49,914.00	17,87,60,535.00	18,09,42,140.00
8	Closing Balance-നീക്കി ബാക്കി	8,36,529.00	7,85,037.00	7,94,537.00
9	5% of (5) [(BS1+BS-2+BS3) x 5 / 100]	5,62,336.75	7,57,300.00	7,72,200.00

2023-2024 & 2022-2023 വർഷത്തെ മിച്ചം 5%ത്തിലും അധികമുണ്ട്.

നിയമാനുസൃതം തനതുവരുമാനത്തിന്റെ 5% നീക്കിബാക്കി ഉണ്ടായിരിക്കണം.

Mariyapuram Grama Panchayath Draft Budget for the Financial Year 2023-2024

BUDGET STATEMENT

	PARTICULARS	Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
A	Opening balance (net) (ws-1)	36,73,410	8,36,529	7,85,037
B	a) Tax revenue-നികുതി വരുമാനം (BS-1)	24,82,128	28,00,000	30,25,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	14,56,724	43,46,000	40,19,000
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	39,38,852	71,46,000	70,44,000
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	73,07,883	80,00,000	84,00,000
F	Total -ആകെ (D+E)	1,12,46,735	1,51,46,000	1,54,44,000
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	7,09,52,072	11,45,92,453	12,26,59,860
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	2,43,50,200	3,63,64,000	3,63,84,000
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	10,65,49,007	16,61,02,453	17,44,87,860
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	0	0	0

	PARTICULARS	Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
K	Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	15,64,026	1,26,06,590	64,63,780
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	15,64,026	1,26,06,590	64,63,780
M	Total Income -ആകെ വരവുകൾ (I+L)	10,81,13,033	17,87,09,043	18,09,51,640
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	11,17,86,443	17,95,45,572	18,17,36,677
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	1,40,12,947	1,43,43,000	1,46,44,500
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	6,96,53,802	11,54,46,945	12,34,49,860
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	2,43,50,200	3,63,64,000	3,63,84,000
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	10,80,16,949	16,61,53,945	17,44,78,360
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	0	0	0
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	29,32,965	1,26,06,590	64,63,780
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	29,32,965	1,26,06,590	64,63,780
V	Total Expenditure -ആകെ ചെലവുകൾ (R+U)	11,09,49,914	17,87,60,535	18,09,42,140
W	Closing Balance-നീക്കി ബാക്കി (N-V)	8,36,529	7,85,037	7,94,537

Mariyapuram Grama Panchayath Draft Budget for the Financial Year 2023-2024				
BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)				
DETAILED HEAD CODE	**PARTICULARS (ഇനവിവരം)**	**Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)**	**Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)**	**Budget for the Year2023-2024 (ബജറ്റ്-2023-2024)**
1101001	**Property Tax-വസ്തു നികുതി**	**18,56,838**	**21,00,000**	**22,50,000**
1102001	**Profession Tax-തൊഴിൽ നികുതി**	**6,25,290**	**7,00,000**	**7,75,000**
110	**Total-Tax Revenue-ആകെ നികുതി വരവ്**	**24,82,128**	**28,00,000**	**30,25,000**

Mariyapuram Grama Panchayath Draft Budget for the Financial Year 2023-2024				
BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
130 - Rental Income from Panchayat Properties				
1301001	Rent from Land and Buildings- സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	8,37,004	23,00,000	25,00,000
1303001	Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക	2,925	1,00,000	75,000
1308001	Other Rents- മറ്റ് വാടകകൾ	0	50,000	25,000
130	Total Rental Income from Panchayat Properties	8,39,929	24,50,000	26,00,000
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
140 - Fees & User Charges				
1401001	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	398	22,000	25,000

1401101	Licence Fees-ലൈസൻസ് ഫീസ്	94,020	1,80,000	1,50,000
1401201	Fee for Grant of Permit-പെർമിറ്റ് ഫീസ്	59,839	1,60,000	1,50,000
1401301	Fees for Certificate or Extract- സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	11,756	22,000	24,000
1402001	Penalties and Fines-ഫൈൻ	26,831	1,60,000	1,25,000
1404001	Miscellaneous Fees-മറ്റ് ഫീസുകൾ	45,579	76,000	80,000
1405001	User Charges Collected-യൂസർ ചാർജ്	77,639	61,000	65,000
140	Total Fees & User Charges	3,16,062	6,81,000	6,19,000
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
150 - Sale & Hire Charges				
1501101	Sale of Forms-ഫാറം വില	39,720	1,45,000	1,25,000
1501201	Sale of stores & Scrap- ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	0	25,000	25,000
1503001	Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന	0	10,000	10,000

150	Total-Sale & Hire Charges	39,720	1,80,000	1,60,000
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
151 - Receipts from Transferred Institutions				
151	Total Receipts from Transferred Institutions	0	0	0
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
170 - Income from Investments				
170	Total Income from Investments	0	0	0
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
171 - Interest Earned				
1711001	Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	1,21,127	1,55,000	1,00,000

171	Total Interest Earned	1,21,127	1,55,000	1,00,000
BS-2 PARTICULARS		Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
180 - Other Income				
1801001	Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത്	1,19,759	50,000	25,000
1801101	Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ	0	0	10,000
1804001	Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ	20,127	30,000	5,000
1808001	Miscellaneous Income	0	8,00,000	5,00,000
180	Total Other Income	1,39,886	8,80,000	5,40,000
Total-Non tax revenue-ആകെ നികുതിയിതര വരവുകൾ		14,56,724	43,46,000	40,19,000

Mariyapuram Grama Panchayath Draft Budget for the Financial Year 2023-2024				
BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022(യഥാർത്ഥ കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	73,07,883	80,00,000	84,00,000
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	73,07,883	80,00,000	84,00,000

Mariyapuram Grama Panchayath Draft Budget for the Financial Year 2023-2024				
BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ)				
DETAILED HEAD CODE	**PARTICULARS** (ഇനവിവരം)	**Actuals for the year 2021-2022(**യഥാർത്ഥ കണക്ക് **2021-2022)**	**Budget for the year (including all revisions) 2022-2023** (പരിഷ്കരിച്ച ബജറ്റ് **2022-2023)**	**Budget for the Year2023-2024** (ബജറ്റ്-**2023-2024)**
3111001	**Special Funds-**പ്രത്യേക ഫണ്ട്	**1,200**	**0**	**0**
3201001	**Grants, Funds & Contributions for Specific Purposes -centrally sponsored Schemes-**കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള	**4,06,75,874**	**5,00,00,000**	**7,22,00,000**
3201002	**Grants, Funds & Contributions for Specific Purposes - Other Central Government Grants -** കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും	**27,58,923**	**5,00,000**	**9,20,000**
3202001	**Development Fund - General - Revenue-**വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**1,09,32,000**	**1,43,50,683**	**1,08,82,220**
3202001	**Development Fund - SCSP -Revenue -**വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**12,62,000**	**14,62,799**	**13,82,000**
3202001	**Development Fund - TSP - Revenuel -**വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**78,000**	**1,14,500**	**86,000**
3202001	**Development Fund - CFC - Revenue -**വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**34,01,755**	**72,40,185**	**49,45,000**
3202001	**Maintenance Fund - Road Assets - Revenue-** സംരക്ഷണച്ചെലവ് - റോഡ് ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**54,99,938**	**61,91,062**	**94,62,000**
3202001	**Maintenance Fund - Non Road Assets - Revenue -** സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	**28,51,990**	**28,49,211**	**34,91,000**

